**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 70** **12-06-2024 - ൽ മറുപടിയ്ക്ക്**

**ട്രോളിംഗ് നിരോധന കാലയളവിലെ മത്സ്യബന്ധനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ജെ. ജോസഫ്,<br>ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ട്രോളിംഗ് നിരോധന കാലയളവിൽ മത്സ്യത്തൊഴിലാളികൾക്കായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ; | (എ) | ട്രോളിംഗ് നിരോധന കാലത്തു തൊഴിൽ നഷ്ടപ്പെടുന്ന യന്ത്രവൽകൃത മത്സ്യബന്ധന യാനങ്ങളിലെ മത്സ്യത്തൊഴിലാളികൾക്കും, അനുബന്ധ തൊഴിലാളികൾക്കും, പീലിംഗ് തൊഴിലാളികൾക്കും ഉൾപ്പടെ 54944 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സൗജന്യ റേഷൻ സിവിൽ സപ്ലൈസ് വകുപ്പ് മുഖേന നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആയതിലേക്ക് അർഹരായ എല്ലാ മത്സ്യത്തൊഴിലാളികളുടെയും വിശദവിവരങ്ങൾ ബന്ധപ്പെട്ട സിവിൽ സപ്ലൈസ് ഓഫീസിൽ നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. എല്ലാ വർഷവും വറുതിക്കാലത്ത് 'സമ്പാദ്യ സമാശ്വാസ' പദ്ധതിയിൻകീഴിൽ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായിട്ടുള്ള മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും പീലിംഗ് തൊഴിലാളികൾക്കും 4,500/- രൂപ വീതം ധനസഹായം നൽകിവരുന്നുണ്ട്. ഇതിൽ 1,500/- രൂപ കേന്ദ്ര സർക്കാർ വിഹിതവും, 1500/- രൂപ സംസ്ഥാന സർക്കാർ വിഹിതവും, 1,500/- രൂപ ഗുണഭോക്തൃ വിഹിതവുമാണ്. ഈ വർഷവും ഇപ്രകാരം 1,56,042 പേർക്കായി 65.6355 കോടി രൂപ മൂന്ന് ഗഡുക്കളായി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആയതിൽ മെയ് മാസത്തിൽ നൽകേണ്ടതായ 1,500/- രൂപ അനുവദിക്കുകയും ജില്ലകളിൽ വിതരണം ചെയ്തു വരുകയും ചെയ്യുന്നു. |

| | | | |
|---|---|---|---|
| (ബി) | ട്രോളിംഗ് നിരോധന കാലയളവിൽ പരമ്പരാഗത മത്സ്യത്തൊഴിലാളികളും ട്രോളർ തൊഴിലാളികളും തമ്മിൽ സംഘർഷം ഉണ്ടാകാതിരിക്കാൻ എന്തെല്ലാം മുൻകരുതലുകളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ; | (ബി) | ട്രോളിംഗ് നിരോധന കാലത്ത് യന്ത്രവത്കൃത മത്സ്യബന്ധന യാനങ്ങളിൽപ്പെട്ട ട്രോളറുകൾക്കാണ് നിരോധനം ഏർപ്പെടുത്തിയിരിക്കുന്നത്. ആയതിനാൽ ഈ കാലയളവിൽ ട്രോളറുകൾ പ്രവർത്തിയ്ക്കുകയില്ല. അതുകൊണ്ട് തന്നെ സംഘർഷമുണ്ടാകാനുള്ള സാധ്യത വളരെ കുറവാണ്. 9 തീരദേശ ജില്ലകളിലും ഫിഷറീസ് വകുപ്പും മറൈൻ എൻഫോഴ്സ്മെന്റും സംയുക്തമായി കടലിൽ പട്രോളിംഗ് നടത്തുന്നതിനും നിയമലംഘനം ഇല്ലെന്ന് ഉറപ്പ് വരുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ കോസ്റ്റൽ പോലീസും പട്രോളിംഗ് നടത്തുന്നുണ്ട്. ഇതിനായി ഫിഷറീസ് വകുപ്പ് തീരദേശ ജില്ലകളിൽ 19 പട്രോൾ ബോട്ടുകൾ വാടകയ്ക്ക് എടുത്ത് പ്രവർത്തിപ്പിയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ വിഴിഞ്ഞം, വൈപ്പിൻ, ബേപ്പൂർ എന്നിവിടങ്ങൾ കേന്ദ്രീകരിച്ച് 3 മറൈൻ ആംബുലൻസുകൾ പ്രവർത്തിയ്ക്കുന്നുണ്ട്. നിയമ ലംഘനങ്ങൾ കണ്ടെത്തിയാൽ പ്രസ്തുത യാനങ്ങളെ ഇമ്പൗണ്ട് ചെയ്ത് ഉയർന്ന പിഴ അടക്കമുള്ള ശിക്ഷാ നടപടികൾ സ്വീകരിയ്ക്കുന്നതിനും എല്ലാ ജില്ലാ ഓഫീസർമാർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഫിഷറീസ് സ്റ്റേഷനുകളിൽ പ്രവർത്തിയ്ക്കുന്ന ഫിഷറീസ് കൺട്രോൾ റൂമുകളിൽ കടലിലെ മത്സ്യബന്ധന യാനങ്ങളുടെ പ്രവർത്തനങ്ങൾ 24 മണിക്കൂറും നിരീക്ഷിക്കുന്നതിനുള്ള സംവിധാനങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. |
| (സി) | ട്രോളിംഗ് നിരോധന കാലയളവിൽ മത്സ്യങ്ങളുടെ പ്രജനന വർദ്ധനവിനായി സൂക്ഷ്മതലത്തിൽ എന്തെല്ലാം നടപടികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ? | (സി) | കടലിൽ കൃത്രിമ ആവാസ വ്യവസ്ഥ സൃഷ്ടിച്ച മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കുന്നതിനും അതിലൂടെ സംസ്ഥാനത്തെ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് കൂടുതൽ മത്സ്യം ലഭിക്കുന്നതിന് കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ ലിമിറ്റഡ് മുഖേന കൃത്രിമപാര് നിക്ഷേപിക്കുന്ന പദ്ധതികൾ പ്രാവർത്തികമാക്കിയിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ തീരക്കടലിൽ കൃത്രിമപാരുകൾ നിക്ഷേപിക്കുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. 2011-12 സാമ്പത്തിക വർഷം മുതൽ 2021-2022 വരെ തിരുവനന്തപുരം ജില്ലയിലെ 16 മത്സ്യഗ്രാമങ്ങളിൽ 4190 കൃത്രിമപാരുകൾ നിക്ഷേപിച്ചു കഴിഞ്ഞു. 2011-12 സാമ്പത്തിക വർഷം 300 കൃത്രിമപാര് മൊഡ്യൂളുകൾ പൂവാർ, പുതിയതുറ, കരുംകുളം മത്സ്യഗ്രാമങ്ങളുടെ തീരക്കടലിൽ നിക്ഷേപിച്ചിരുന്നു. കൃത്യം 11 മാസങ്ങൾക്കുശേഷം അണ്ടർവാട്ടർ ഫോട്ടോഗ്രാഫി ഉപയോഗിച്ച് പ്രസ്തുത പാരുകളിൽ നടത്തിയ പഠനത്തിൽ പ്രസ്തുത പ്രദേശത്ത് ചെറുതും |

| | | | |
|---|---|---|---|
| | | | വലുതുമായ ചൂര, പാര, വേളാവ്, ബാരക്കുട, കാരൽ, അയല, കണവ, കൂന്തൽ തുടങ്ങിയ മൽസ്യ ഇനങ്ങൾ കൂടുതലായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ പ്രദേശങ്ങളിൽ മത്സ്യബന്ധനം നടത്തുന്ന മത്സ്യത്തൊഴിലാളികളുടെ അഭിപ്രായത്തിൽ മത്സ്യസമ്പത്ത് വർദ്ധിച്ചതായി അറിയാൻ കഴിഞ്ഞിട്ടുണ്ട്.<br><br>2022-23 സാമ്പത്തിക വർഷം " കൃത്രിമപാരുകൾ സ്ഥാപിക്കുന്നതിലൂടെ കേരള സംസ്ഥാനത്തിന്റെ സുസ്ഥിര മത്സ്യ ബന്ധന വികസനവും ഉപജീവനമാർഗ്ഗം പ്രോത്സാഹിപ്പിക്കൽ " എന്ന പദ്ധിക്ക് കേന്ദ്ര സർക്കാരിന്റെ പ്രധാനമന്ത്രി മത്സ്യ സമ്പദാ യോജന (PMMSY) പദ്ധതിയിലുൾപ്പെടുത്തി 13.02 കോടി രൂപയുടെ അംഗീകാരം ലഭ്യമാവുകയും തിരുവനന്തപുരം ജില്ലയിലെ 42 മത്സ്യഗ്രാമങ്ങളുടെ തീരക്കടലിൽ ആകെ 6300 കൃത്രിമപാരുകൾ നിക്ഷേപിക്കുകയും ചെയ്തു. പദ്ധതിയുടെ രണ്ടും, മൂന്നും ഘട്ടങ്ങൾ ബാക്കി 8 തീരദേശ ജില്ലകളിലും പ്രധാനമന്ത്രി മത്സ്യ സമ്പദാ യോജന (PMMSY) പദ്ധതിയിലുൾപ്പെടുത്തി നടപ്പാക്കുന്നതിന് 29.76 കോടി രൂപയുടെയും, 25.83 കോടി രൂപയുടെയും രണ്ട് പ്രൊപ്പോസലുകൾ അംഗീകാരത്തിനായി കേന്ദ്ര സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ